AWWF-D2-404/2022

കേരള അങ്കണവാടി വർക്കേഴ്സ് &
ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്
പൂജപ്പുര തിരുവനന്തപുരം
Email:awwfkerala@gmail.com
ഫോൺ:0471-2342433
തീയതി: 17/05/2022

## പരിപത്രം

വിഷയം: വനിതാ ശിശു വികസന വകുപ്പ് -അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് - അങ്കണവാടി ജീവനക്കാരുടെ ക്ഷേമനിധി പാസ് ബുക്കുകൾ പതിപ്പിച്ച നൽകുന്നത് സംബന്ധിച്ച്

സൂചന: 1. ഈ ഓഫീസിലെ 11/11/2021 ലെ AWWF/D1-1612/21 നമ്പർ പരിപത്രം
2. അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിന്റെ 23.03.2022 ലെ XII(ബി) നമ്പർ മീറ്റിംഗ് തീരുമാനം

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു . അങ്കണവാടി ജീവനക്കാരുടെ ക്ഷേമനിധി വിഹിതം ഈടാക്കി കഴിഞ്ഞാൽ അതാത് മാസം തന്നെ ബ്രോഡ് ഷീറ്റുകളിലും പാസ് ബുക്കിലും രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണെന്ന് എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും നിർദേശം നൽകിയിരുന്നു. എന്നാൽ പല ഐ സി ഡി എസ് ഓഫീസുകളും പ്രസ്തുത നിർദേശം പാലിക്കപ്പെടുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു .ആയതിനാൽ അങ്കണവാടി വർക്കർ/ ഹെൽപ്പർമാരുടെ പ്രതിമാസ ക്ഷേമ നിധി വിഹിതം ഒടുക്കി കഴിഞ്ഞാൽ ഉടൻ തന്നെ ബ്രോഡ് ഷീറ്റ്, പാസ്സ് ബുക്ക് എന്നിവ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

സൂചന (2) പ്രകാരം അങ്കണവാടി ജീവനക്കാരുടെ ക്ഷേമനിധി പാസ് ബുക്കുകൾ പൂർണമായ രേഖപ്പെടുത്തലുകൾ വരുത്തി അങ്കണവാടി ജീവനക്കാർക്ക് നൽകുന്നതിന് ബോർഡ് മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ അങ്കണവാടി ജീവനക്കാരുടെ ക്ഷേമനിധി പാസ് ബുക്കുകൾ പൂർണമായ രേഖപ്പെടുത്തലുകൾ വരുത്തി ജീവനക്കാർക്ക്

20/06/2022 തീയതിക്കകം നൽകേണ്ടതും ജീവനക്കാരിൽ നിന്നും കൈപ്പറ്റ് രസീത് വാങ്ങി ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്. തുടർന്നുള്ള മാസങ്ങളിൽ 15ാം തീയതിക്കും 20ാം തീയതിക്കും ഇടയിൽ ബന്ധപ്പെട്ട അങ്കണവാടി പ്രവർത്തകരുടെ ക്ഷേമനിധി പാസ് ബുക്ക് പതിപ്പിച്ച തിരികെ നൽകേണ്ടതുമാണ്.

കൂടാതെ കൈകാര്യം ചെയ്യാൻ കഴിയാത്ത വിധം ജീർണിച്ചതോ കേടുപാടുകളുള്ളതോ ആയ പാസ്സ്ബുക്കുകൾ ഉണ്ടെങ്കിൽ ആയത് മാറ്റി ഡ്യൂപ്ലിക്കേറ്റ് പാസ് ബുക്ക് തയ്യാറാക്കി നൽകേണ്ടതാണ്. അങ്കണവാടി ക്ഷേമനിധി പാസ് ബുക്കുകൾ വിതരണം ചെയ്തത് സംബന്ധിച്ച റിപ്പോർട്ട് എല്ലാ സി ഡി പി ഒ മാരും 25/06/2022 നകം ഈ കാര്യാലയത്തിലേക്ക് അയച്ച തരേണ്ടതാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
(പ്രതിമാസ റിവ്യൂ മീറ്റിംഗിൽ ചർച്ച ചെയ്യേണ്ടതാണ്)

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും